# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മേയ് 8<br>May 8 | 2019 |
|---|---|

*1193 മേടം 24 ബുധൻ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ആരോഗ്യ ജാഗ്രത**

മഴക്കാല പൂർവ പ്രതിരോധ പ്രവർത്തനങ്ങളോടനുബന്ധിച്ച് തുമ്പമൺ പഞ്ചായത്തിൽ നടപ്പാക്കേണ്ട വിവിധ വകുപ്പുകളുടെ യോഗം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിതകുമാരിയുടെ അധ്യക്ഷതയിൽ തുമ്പമൺ സിഎച്ച്സിയിൽ കൂടി. ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, ഡോ.ശ്രീകല, ആയുർവേദ-ഹോമിയോ മെഡിക്കൽ ആഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർ ജയകുമാർ, ഹെൽത്ത് ഇൻസ്പെക്ടർ കെ.കെ.സന്തോഷ്, അധ്യാപകർ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു. മെയ് 11, 12 തീയതികളിൽ വാർഡ് തല ശുചീകരണം നടത്തും.

(പിഎൻപി 1098/19)

**യോഗം ഇന്ന് (9)**

പ്രളയത്തെതുടർന്ന് പമ്പയിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് ഇന്ന് (9) ഉച്ചയ്ക്ക് 12.30ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറുടെ ചേംബറിൽ യോഗം ചേരും. (പിഎൻപി 1099/19)

**ക്വട്ടേഷൻ**

ചിറ്റാർ, കടുമീൻചിറ പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ യൂണിഫോം തുന്നി നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഈ മാസം 13 വരെ റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ ലഭിക്കും. (പിഎൻപി 1100/19)

## പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ അദാലത്ത്

സംസ്ഥാന പട്ടികജാതി പട്ടികഗോത്ര കമ്മീഷൻ ഈ മാസം 28നും 29നും കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ പരാതിപരിഹാര അദാലത്ത് നടത്തും. കമ്മീഷൻ ചെയർമാൻ ബി.എസ്.മാവോജി, എസ്.അജയകുമാർ, രജിസ്ട്രാർ ജി.തുളസീധരൻ പിള്ള, അസിസ്റ്റന്റ് രജിസ്ട്രാർ കെ.ഷീജ എന്നിവർ അദാലത്തിന് നേതൃത്വം നൽകും. പട്ടികജാതി പട്ടികഗോത്ര വർഗക്കാരുടെ വിവിധ വിഷയങ്ങളിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും വിചാരണയിൽ ഇരിക്കുന്നതുമായ കേസുകളിൽ പരാതിക്കാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ട് പരാതികൾ തീർപ്പാക്കും. (പിഎൻപി 1101/19)

## റേഷൻ വിതരണം: ജില്ലയ്ക്ക് 3946 മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിച്ചു

ഈ മാസം ജില്ലയിലെ റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിനായി 3420.303 മെ. ടൺ അരിയും 525.793 മെ. ടൺ ഗോതമ്പും ഉൾപ്പെടെ 3946 മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിച്ചു. മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ (പിങ്ക് കാർഡ്) ഓരോ അംഗത്തിനും കി. ഗ്രാമിന് രണ്ട് രൂപാ നിരക്കിൽ നാല് കി. ഗ്രാം അരിയും ഒരു കി.ഗ്രാം ഗോതമ്പും, എ.എ.വൈ കാർഡുകൾക്ക് (മഞ്ഞ കാർഡ്) സൗജന്യ നിരക്കിൽ കാർഡൊന്നിന് 30 കി.ഗ്രാം അരിയും അഞ്ച് കി.ഗ്രാം ഗോതമ്പും റേഷൻ കടകളിൽ നിന്ന് ഈ മാസം ലഭിക്കും. മുൻഗണനാ-ഇതര-സബ്സിഡി പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് (നീല കാർഡ്) ഓരോ അംഗത്തിനും നാല് രൂപാ നിരക്കിൽ രണ്ട് കി.ഗ്രാം അരിയും 17 രൂപാ നിരക്കിൽ രണ്ട് കിലോ മുതൽ പരമാവധി മൂന്ന് കി.ഗ്രാം വരെ ആട്ടയും സ്റ്റോക്കിന്റെ ലഭ്യത അനുസരിച്ച് ലഭിക്കും. മുൻഗണനാ-ഇതര-നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ടവർക്ക് (വെള്ള കാർഡ്) കാർഡൊന്നിന് 10.90 രൂപാ നിരക്കിൽ അഞ്ച് കി.ഗ്രാം അരിയും, 17രൂപാ നിരക്കിൽ രണ്ട് കിലോ മുതൽ മൂന്ന് കിലോ വരെ ആട്ടയും ലഭിക്കും. വൈദ്യുതീകരിച്ച വീടുള്ള എല്ലാ കാർഡുടമകൾക്കും കാർഡൊന്നിന് അര ലിറ്ററും, വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക് കാർഡൊന്നിന് നാല് ലിറ്ററും മണ്ണെണ്ണ, ലിറ്ററിന് 35 രൂപാ നിരക്കിൽ ലഭിക്കും. ഇതിനു പുറമെ, പ്രളയത്തോടനുബന്ധമായി അനുവദിച്ച നോൺ-സബ്സിഡി മണ്ണെണ്ണ ലിറ്ററിന് 44 രൂപാ നിരക്കിൽ അഞ്ച് ലിറ്റർ വരെ ലഭ്യമാണ്. എ.എ.വൈ കാർഡിനു മാത്രം 21 രൂപാ നിരക്കിൽ ഒരു കിലോ പഞ്ചസാര വിഹിതവുമുണ്ട്.

റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ 1800-425-1550 എന്ന ടോൾ ഫ്രീ നമ്പരിലോ ജില്ലാ സപ്ലൈ ആഫീസിലെ 0468 2222612 എന്ന നമ്പരിലോ, താലൂക്ക് സപ്ലൈ ആഫീസുകളിലെ താഴെ പറയുന്ന നമ്പരുകളിലോ അറിയിക്കാം. ഇതുകൂടാതെ, റേഷൻകടകളിൽ പ്രദർശിപ്പിച്ചിട്ടുള്ള റേഷനിംഗ് ഇൻസ്പെക്ടർമാരുടെയും/താലൂക്ക് സപ്ലൈ ആഫീസറുടെയും മൊബൈൽ നമ്പരുകളിലും പരാതി വിളിച്ചറിയിക്കാവുന്നതാണ്.
ഫോൺ നമ്പരുകൾ: കോഴഞ്ചേരി - 0468 2222212, കോന്നി- 0468 2246060, തിരുവല്ല - 0469 2701327, അടൂർ - 0473 4224856, റാന്നി - 0473 5227504, മല്ലപ്പള്ളി - 0469 2782374. (പിഎൻപി 1102/19)

## പ്രൈമറി അധ്യാപക ശില്പശാല ആരംഭിച്ചു

ജില്ലയിലെ പ്രൈമറി അധ്യാപകർക്കായി നാലു ദിവസം നീണ്ടുനിൽക്കുന്ന ശില്പശാല ആരംഭിച്ചു. ഉപജില്ലാതലത്തിൽ 24 കേന്ദ്രങ്ങളിലാണ് ശില്പശാല നടക്കുന്നത്. 1384 അധ്യാപകരാണ് ശില്പശാലയിൽ പങ്കെടുക്കുന്നത്. രണ്ടാംഘട്ട ശില്പശാല 13ന് വിവിധ കേന്ദ്രങ്ങളിൽ നടക്കും.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പഠനനിലവാരമുയർത്തുന്നതിനായി ജില്ലയിൽ നടത്തിയ വിവിധ പദ്ധതികൾ ശില്പശാലയിൽ അവലോകനം ചെയ്യും.

ഇതിന്റെ അടിസ്ഥാനത്തിൽ ജൂൺ മുതൽ പാഠ്യപദ്ധതി പ്രകാരം നടക്കേണ്ട വിവിധ പ്രവർത്തനപദ്ധതികൾ അധ്യാപകർ വിഷയാടിസ്ഥാനത്തിൽ തയാറാക്കും. വിവിധ അക്കാദമിക ഇടപെടലുകൾ, അന്താരാഷ്ട്രനിലവാരവും അന്വേഷണാത്മക പഠനവും, അക്കാദമിക നിലവാര പഠനവും ഗുണാത്മക പഠനവും, നിലവാരമുള്ള ക്ലാസ്മുറികൾ, അന്വേഷണാത്മക അധ്യാപക സമൂഹം തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചാണ് ശില്പശാല നടക്കുന്നത്.

സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ നടക്കുന്ന ശില്പശാലകൾ വിദ്യാഭ്യാസ ഉപഡയറക്ടർ പി.എ.ശാന്തമ്മ, എസ്.എസ്.കെ ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ.വിജയമോഹനൻ, ഡയറ്റ് പ്രിൻസിപ്പൽ പി.ലാലിക്കുട്ടി, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോ-ഓർഡിനേറ്റർ എസ്.രാജേഷ് എന്നിവർ ജില്ലാതലത്തിലും എ.ഇ.ഒ മാർ, ബി.പി.ഒ മാർ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ എന്നിവർ ഉപജില്ലാതലത്തിലും, ഡി.ഇ.ഒമാർ, എസ്.എസ്.കെ പ്രോഗ്രാം ഓഫീസർമാർ എന്നിവർ വിദ്യാഭ്യാസ ജില്ലാതലത്തിലും മോണിട്ടർ ചെയ്യും. അധ്യാപക സംഘടനാ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിയാണ് ജില്ലയിൽ മോണിട്ടറിംഗ് ക്രമീകരിച്ചിട്ടുള്ളത്.

(പിഎൻപി 1103/19)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**